J5/58952/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 11.01.2023

<u>പരിപത്രം</u>

വിഷയം:- കോ . വി.വ -ജീവനക്കാര്യം -അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാർക്ക് സാലറി സർട്ടിഫിക്കറ്റ് / എൻ.എൽ.സി അനുവദിക്കുന്നത് -സംബന്ധിച്ച്.

സൂചന :- 1 )സ.ഉ (അച്ചടി )നം.9 / 2021 / ധന. , തീയതി 13 / 01 / 2021 .
2 ) സ.ഉ (അച്ചടി )നം.66 / 2021 / ധന. , തീയതി 26 / 04 / 2021 .

*********

**പരാമർശിത ഉത്തരവുകൾ പ്രകാരം ഒരു ജീവനക്കാരന് ശമ്പള സർട്ടിഫിക്കറ്റ് / ബാധ്യതാ രഹിത സാക്ഷ്യപത്രം നൽകുമ്പോൾ ബന്ധപ്പെട്ട ഡി.ഡി.ഒ പാലിക്കേണ്ട മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി മാർഗനിർദേശങ്ങൾ പാലിക്കുന്നതിൽ ഡി.ഡി.ഒ - മാർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലെയും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും ശമ്പള സർട്ടിഫിക്കറ്റ് / എൻ.എൽ.സി അനുവദിക്കുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു. ആയതിൽ വീഴ്ച വരുത്തുന്നത് മൂലം തുടർന്നുണ്ടാകുന്ന കോടതി വ്യവഹാരങ്ങൾക്കും, പരിണിത ഫലങ്ങൾക്കും ഡി.ഡി.ഒ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ബാധ്യസ്ഥരായിരിക്കും.**

**1.ജീവനക്കാർ കെ.എസ്.എഫ്.ഇ ,മറ്റു സഹകരണ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് സാലറി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുമ്പോൾ ലോൺ / ചിട്ടി ഇവയിൽ ഏതാണെന്നും അവ എത്ര രൂപക്കാണെന്നും (തുക അക്കത്തിലും അക്ഷരത്തിലും ), സ്വന്തമായി ലോൺ എടുക്കുന്നതിനാണോ ജാമ്യത്തിനാണോ എന്നും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.**

**2.സൂചന (1) ഉത്തരവിലെ അനുബന്ധം (2) പ്രകാരമുള്ള മാതൃകയിൽ ആയിരിക്കണം സാലറി സർട്ടിഫിക്കറ്റ് / എൻ .എൽ.സി നൽകേണ്ടത് .**

**3.ശമ്പള സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ സാലറി വിശദാംശങ്ങൾ ഒഴികെ ബാക്കി എല്ലാ ഭാഗങ്ങളും ജീവനക്കാരൻ പൂർണമായും പൂരിപ്പിച്ചിരിക്കണം .**

**4.ഗസറ്റഡ് / നോൺ-ഗസറ്റഡ് ജീവനക്കാർക്ക് ശമ്പള സർട്ടിഫിക്കറ്റ് / എൻ.എൽ.സി നൽകേണ്ടത് ഡി.ഡി.ഒ മാർ തന്നെയാണ്. ഡി.ഡി.ഒ മാരുടെ സാലറി സർട്ടിഫിക്കറ്റ് / എൻ.എൽ.സി നൽകേണ്ടത് പ്രസ്തുത ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥരാണ് .**

**5.ഒരു ജീവനക്കാരൻ സ്വന്തം ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വായ്പ എടുക്കുന്ന**

സാഹചര്യത്തിൽ ടിയാന്റെ അടിസ്ഥാന ശമ്പളത്തിന്റെ 75 ഇരട്ടി (മുൻപ് നൽകിയിട്ടുള്ള സാലറി സർട്ടിഫിക്കറ്റുകൾ / എൻ.എൽ.സി കളിന്മേലുള്ള ബാധ്യതകൾ ഉൾപ്പെടെ ) പരമാവധി 3 കോടി ഇവയിൽ ഏതാണോ കുറവ് എന്ന പരിധിക്കു വിധേയമായി മാത്രമേ ഡി.ഡി.ഒ മാർ ശമ്പള സർട്ടിഫിക്കറ്റ് / എൻ.എൽ .സി നൽകാവൂ.

6.ഒരു ജീവനക്കാരൻ സ്വന്തം ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മറ്റൊരാൾക്ക് ജാമ്യം നിൽക്കുന്ന സാഹചര്യത്തിൽ ടിയാന്റെ അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി (മുൻപ് നൽകിയിട്ടുള്ള സാലറി സർട്ടിഫിക്കറ്റുകൾ / എൻ.എൽ.സി കളിന്മേലുള്ള ബാധ്യതകൾ ഉൾപ്പെടെ ) പരമാവധി 2 കോടി ഇവയിൽ ഏതാണോ കുറവ് എന്ന പരിധിക്കു വിധേയമായി മാത്രമേ ഡി.ഡി.ഒ മാർ ശമ്പള സർട്ടിഫിക്കറ്റ് / എൻ.എൽ .സി നൽകാവൂ. ജാമ്യം നിൽക്കുന്ന സാഹചര്യത്തിൽ വായ്പ തുക പൂർണമായും കടബാധ്യതയിൽ കാണിക്കേണ്ടതാണ്. ഒന്നിലധികം ജീവനക്കാർ ജാമ്യം നിൽക്കുന്ന സാഹചര്യത്തിൽ ജാമ്യക്കാർക്കിടയിൽ വായ്പതുക തുല്യമായി വിഭജിച്ച കിട്ടുന്ന തുക മാത്രം ഒരു ജീവനക്കാരന്റെ കടബാധ്യതയായി കണക്കാക്കേണ്ടതാണ് .

7.ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ സേവന കാലയളവിനുള്ളിൽ അടച്ചുതീർക്കാൻ കഴിയുന്ന വായ്പകൾ എടുക്കുന്നതിന് / ജാമ്യം നിൽക്കുന്നതിനു മാത്രമേ സാലറി സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകിയിട്ടുള്ളൂ എന്ന് ഡി.ഡി.ഒ മാർ ഉറപ്പു വരുത്തേണ്ടതാണ്.

8.ഓരോ ജീവനക്കാരന്റെയും ശമ്പള സർട്ടിഫിക്കറ്റ് / എൻ.എൽ .സി വിതരണം ചെയ്യതിന്റെ ഒരു രജിസ്റ്റർ സൂചന (1 )ഉത്തരവിലെ അനുബന്ധം (1 ) മാതൃകയിൽ സൂക്ഷിക്കുന്നുണ്ടെന്നു ഡി.ഡി.ഒ മാർ ഉറപ്പു വരുത്തേണ്ടതാണ്.

9.ശമ്പള സർട്ടിഫിക്കറ്റ് / എൻ.എൽ .സി യുടെ ജാമ്യത്തിൽ ലഭ്യമാക്കുന്ന ലോൺ / ചിട്ടി തിരിച്ചടവിൽ വീഴ്ച വരുത്തുന്നത് മൂലം ജീവനക്കാരന്റെ പേരിൽ ഡി.ഡി.ഒ ക്കു റിക്കവറി നോട്ടീസ് ലഭിക്കുന്ന പക്ഷം ബാധ്യത തുക അടച്ച സ്റ്റോപ്പ് മെമ്മോ ഹാജരാക്കാത്ത സാഹചര്യത്തിൽ തൊട്ടടുത്തമാസ ശമ്പളത്തിൽ നിന്ന് മുതൽ റിക്കവറി ആരംഭിക്കുമെന്ന് ജീവനക്കാരനെ അറിയിക്കേണ്ടതാണ്. സ്റ്റോപ്പ് മെമോ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയാൽ റിക്കവറി ആരംഭിക്കേണ്ടതും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭ്യമാക്കുന്നത് വരെ റിക്കവറി തുടരേണ്ടതുമാണ്.

10.റിക്കവറി സംബന്ധിച്ച വിവരങ്ങൾ സൂചന (1) ഉത്തരവിലെ അനുബന്ധം (3) പ്രകാരമുള്ള മാതൃകയിൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.

11.ഒരു ജീവനക്കാരനു സ്ഥലം മാറ്റം ലഭിക്കുമ്പോൾ ടി ജീവനക്കാരന്റെ എൽ.പി.സി പുതിയ ഓഫിസിലേക്കു അയക്കുന്നതോടൊപ്പം സൂചന (1 ) ഉത്തരവിലെ അനുബന്ധം (1 ),(3) -ൽ പ്രതിപാദിച്ചിരിക്കുന്ന ബാധ്യത സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ഡി.ഡി.ഒ മാർ ഉറപ്പു വരുത്തേണ്ടതാണ്.

12.ഒരു ജീവനക്കാരന്റെ പേരിൽ ഒരു ധനകാര്യസ്ഥാപനത്തിൽ നിന്നും റിക്കവറി നോട്ടീസ് ലഭ്യമായാൽ പ്രസ്തുത ബാധ്യത തീർത്തു ടി സ്ഥാപനത്തിൽ നിന്നുള്ള സ്റ്റോപ്പ് മെമ്മോ ഹാജരാക്കിയാൽ മാത്രമേ തുടർന്ന് സാലറി സർട്ടിഫിക്കറ്റ് / എൻ.എൽ.സി അനുവദിക്കാൻ പാടുള്ളു.

13.സർവീസ് റെഗുലറൈസേഷൻ കഴിയാത്തവർക്ക് യാതൊരു കാരണവശാലും സാലറി സർട്ടിഫിക്കറ്റ് / എൻ.എൽ.സി അനുവദിക്കരുത് .

Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 11.01.2023
Reason: Approved

ഒപ്പ്/-
**സജിത്ത് കെ.ഐ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ്
ഓഫീസർ

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും , എല്ലാ ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ മാർക്കും.
2. ഔദ്യോഗിക വെബ്സൈറ്റ് മുഖേന .